**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2633** **17-03-2022 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ പാനലിൽ നിന്നുള്ള അധിക വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന സൗരോർജ്ജ പാനലിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്ന അധിക വൈദ്യുതി, വൈദ്യുതി വകുപ്പിനുതന്നെ നൽകുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന സൗരോർജ്ജ പാനലിൽ നിന്നും ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതി, വൈദ്യുതി വകുപ്പിനു തന്നെ നൽകുന്ന പദ്ധതിയാണ് സൗര സബ്സിഡി പദ്ധതി. ഈ പദ്ധതിയ്ക്കായി 2019-20 വർഷത്തേക്ക് 50 മെഗാവാട്ടും 2020-21 വർഷത്തേയ്ക്ക് 200 മെഗാവാട്ടും ഉൾപ്പെടുത്താനാണ് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (MNRE) കെ.എസ്.ഇ.ബി.എൽ -ന് അനുമതി നൽകിയിരിക്കുന്നത്. ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണിതിൽ പങ്കെടുക്കാനാവുക. പദ്ധതി നിർവ്വഹണത്തിനായി 37 കമ്പനികളെ, കെ.എസ്.ഇ.ബി.എൽ. MNRE-യുടെ മാനദണ്ഡങ്ങൾ പ്രകാരം എംപാനൽ ചെയ്തിട്ടുണ്ട്. 2022 ജൂണിൽ പദ്ധതി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. സബ്സിഡി സ്കീമിൽ നിലവിൽ 6.944 മെഗാവാട്ട് നിലയങ്ങൾ പൂർത്തീകരിച്ചു. ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങളിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിലൂടെ അവ സ്ഥാപിക്കുന്ന കെട്ടിടത്തിലെ വൈദ്യുതാവശ്യം നിറവേറ്റുന്നതിനും അധികമായി ഉത്പ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ ഗ്രിഡിലേക്ക് നൽകുന്നതിനും കഴിയുന്നു. ഇങ്ങനെ അധികമായി നൽകുന്ന വൈദ്യുതിയ്ക്ക് കെ.എസ്.ഇ.ബി.എൽ ഒരു നിശ്ചിത നിരക്കിലുള്ള തുക ഉപഭോക്താക്കൾക്ക് പ്രതിവർഷം നൽകുന്നതാണ് . |
| (ബി) | പ്രസ്തുത പദ്ധതിക്ക് നൽകി വരുന്ന സബ്സിഡികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നത്. 3 കിലോവാട്ട് വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയുടെ 40 ശതമാനവും, 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനവും നിരക്കിലാണ് കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. കെ.എസ്.ഇ.ബി.എൽ എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാൻറ് സ്ഥാപിക്കുന്നത്. ഈ പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ